Rcs/5216/2018-എം.റ്റി (3) സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 10/07/2018

## സർക്കുലർ നമ്പർ 37/2018 .

വിഷയം:- കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ബി.ടെക് അഡ്മിഷനുള്ള മാനേജ്മെന്റ് സീറ്റിൽ 10% സീറ്റ് സഹകാരികളുടേയും സഹകരണ സംഘം ജീവനക്കാരുടേയും മക്കൾക്ക് സംവരണം ചെയ്തത്-സംബന്ധിച്ച്.

സൂചന:- 1. G.O(Rt)No.29/2017/Co-op തീയതി 18.01.2017.
2. G.O.(Rt)No. 344/2018/Co-op തീയതി 30.05.2018.
3. കേപ്പ് ഡയറക്ടറുടെ 19.06.2018 ലെ ACD/1754/2017/കേപ്പ് /1462 നമ്പർ കത്ത്

------

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ന്റെ നിയന്ത്രണത്തിലുള്ള താഴെപ്പറയുന്ന എഞ്ചിനിയറിംഗ് കോളേജുകളിലെ ബി.ടെക് കോഴ്സുകളിൽ മാനേജ്മെന്റ് ക്വാട്ടയുടെ 10% സീറ്റ് സഹകരണ സംഘം രജിസട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ മക്കൾക്കും സംഘങ്ങളിലെ ഭരണസമിതി അംഗങ്ങളുടെ മക്കൾക്കും (കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്/ബാങ്ക്/സ്ഥാപനങ്ങൾ) സഹകരണ വകുപ്പിലെ ജീവനക്കാരുടെ മക്കൾക്കും കൂടി സംവരണം ചെയ്തുകൊണ്ട് 30.05.2018 ലെ സർക്കാർ ഉത്തരവ് സാധാ No. 344/2018/Co-op പ്രകാരം ഉത്തരവായിട്ടുണ്ട്. ഇപ്രകാരം പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് 2018-19 അദ്ധ്യയന വർഷം മുതൽ 15,000/- രൂപ സ്കോളർഷിപ്പും നൽകുന്നതാണ്. ഈ സീറ്റിലേയ്ക്ക് എൻട്രൻസ് കമ്മീഷണറുടെ അലോട്ട്മെന്റ് മുഖാന്തിരമാണ് അഡ്മിഷൻ നടത്തുന്നത്. എൻട്രൻസ് കമ്മീഷണർ നടത്തുന്ന കേന്ദ്രീകൃത അലോട്ട്മെന്റിൽ (www.cee.kerala.org) എന്ന വെബ്സൈറ്റിൽ ഓപ്ഷൻ ഓൺലൈനായി നൽകി അഡ്മിഷൻ എടുക്കാവുന്നതാണ്.

1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മുട്ടത്തറ, തിരുവനന്തപുരം.
2. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പെരുമൺ, കൊല്ലം.
3. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പത്തനാപുരം, കൊല്ലം
4. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറൻമുള, പത്തനംതിട്ട.
5. കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര, ആലപ്പുഴ.
6. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കിടങ്ങൂർ, കോട്ടയം
7. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വടകര, കോഴിക്കോട്
8. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി, കണ്ണൂർ.
9. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ, കാസർഗോഡ്.

മേൽ സംവരണം ലഭിക്കുന്നതിന് കേപ്പിനുനൽകേണ്ട പ്രഫോർമയുടെ മാതൃക ചുവടെ ചേർക്കുന്നു.

**KEAM-2018**

**PROFORMA OF CERTIFICATE TO BE FURNISHED BY CHILDREN OF EMPLOYEE OF CO-OPERATIVE DEPARTMENT&DIRECTOR BOARD MEMBERS OF CO-OPERATIVE SOCIETY/BANK/INSTITUTIONS**

(to be filled up by the Employer)

Certified that Sri/Smt.........................................................................is presently working in my office as ..........................................................since........................... His/Her Son/daughter.......................................................................KEAM-2018 Application No. ...............................is eligible to be admitted against seats reserved for wards of employees working in Co-operative Sector/Institutions Kerala under Registrar of Co-operative Society vide GO(Rt) No. 29/2017/Co-op dated 18.01.2017 and GO(Rt) No. 344/2018/Co-op dated 30.05.2018.

Station: Signature :

Date Name:

Designation:

OfficeSeal

മേൽ വിഷയം സഹകാരികളേയും സഹകരണ സംഘം ജീവനക്കാരേയും സഹകരണ വകുപ്പ് ജീവനക്കാരേയും അറിയിക്കുന്നതിന് എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരും, ജോയിന്റ് ഡയറക്ടർ ആഡിറ്റർമാരും ശ്രദ്ധിക്കേണ്ടതാണ്.

സഹകരണ സംഘം രജിസ്ട്രാറുടെ അധിക ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ(കൺസ്യൂമർ)

പകർപ്പ് -

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജോയിന്റ്രജിസ്ട്രാർ(ജനറൽ)മാർക്കും
3. എല്ലാ ജോയിന്റ്ഡയറക്ടർ(ആഡിറ്റ്)മാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർമാർക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ)&ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
5. ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ്, പ്രൊഫഷണൽ എഡ്യൂക്കേഷൻ(കേപ്പ്), കോ-ബാങ്ക് ടവർ, പാളയം, തിരുവനന്തപുരം.
6. എല്ലാ സഹകരണ സംഘങ്ങൾക്കും(അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
7. എഡിറ്റർ, സഹകരണ വീഥി
8. എഡിറ്റർ, സഹകരണ ജേർണൽ
9. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്

10. ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ, എന്നിവരുടെ മേശപ്പുറത്ത്.
11. എല്ലാ സെക്ഷൻ തലവൻമാർക്കും
12. വെബ്സൈറ്റ്
13. സ്റ്റോക്ക് ഫയൽ/സ്പെയർ.